# അനുബന്ധ പഠനങ്ങൾ

# അപ്പൊസ്തലനായ പൗലൊസ്

*"വാഗ്ദത്തം ചെയ്ത സുവിശേഷത്തിനായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനും യേശുക്രിസ്തുവിന്റെ ദാസനുമായ പൗലൊസ്" (റോമ. 1:1)*

*"ദൈവേഷ്ടത്താൽ ക്രിസ്തുവിന്റെ അപ്പൊസ്തലനായ പൗലൊസ്" (കൊലൊ. 1:1)*

പൗലൊസിന്റെ പശ്ചാത്തലത്തിൽ, ഗ്രീക്ക് ആചാരവും, റോമൻ പൗരത്വവും (പ്രവൃ. 16:37; 22:25) യെഹൂദ മതവും (ഗലാ. 1:14) ഉം ഉൾപ്പെടുന്നു. ബെന്യാമിൻ ഗോത്രത്തിൽ പെട്ട എബ്രായനായിരുന്നു അവൻ (ഫിലി. 3:5), പരീശനും പരീശന്മാരുടെ മകനും ആയിരുന്നു (പ്രവൃ. 23:6). അവന് ജന്മനാ റോമാ പൗരത്വം ലഭിക്കുകയും അതിന്റെ എല്ലാ അവകാശങ്ങളും നേട്ടങ്ങളും ഉണ്ടായിരുന്നു. അവൻ റോമൻ നാടായ കിലിക്യയിലെ പ്രശസ്ത പട്ടണമായ തർസൊസുകാരനായിരുന്നു (പ്രവൃ. 21:39; 22:3), ആ പ്രദേശം മദ്ധ്യധരണ്യാഴി കടലിന്റെ വടക്കു കിഴക്കുള്ള ജില്ലയായിരുന്നു. പ്രസിദ്ധമായ യൂണിവേഴ്സിറ്റി തർസൊസിലായിരുന്നതിനാൽ അഥേനയും അലെക്സാണ്ഡ്രിയയും പഠിക്കുവാനും സംസ്കാരത്തിനും കേൾവി കേട്ടിരുന്നു. ഒരു വ്യവസായ കേന്ദ്രം എന്ന നിലയിൽ, തർസൊസ് ആട്ടു-രോമം കൊണ്ടുള്ള തുണികൾ ഉൽപാദിപ്പിച്ചിരുന്നു. ഒരുപക്ഷെ പൗലൊസ് അവിടെനിന്നായിരിക്കാം "കൂടാര-നിർമ്മാണം പഠിച്ചത്" (പ്രവൃ. 18:3).

യെഹൂദ ന്യായപ്രമാണത്തിൽ പ്രാവീണ്യം നേടിയ പ്രസിദ്ധരായ ഏഴു യെഹൂദ റബ്ബിമാരിൽ ഒരാളായ, ഗമാലിയേൽ ആയിരുന്നു പൗലൊസിന്റെ മതപരമായ അദ്ധ്യാപകൻ (പ്രവൃ. 22:3). സഭയെ ഉപദ്രവിക്കുന്നതിൽ എരിവുള്ള യുവ പരീശനും നായകനുമായിരുന്നു അവൻ (പ്രവൃ. 8:3). ആദ്യത്തെ ക്രിസ്തീയ രക്തസാക്ഷിയായി തീർന്ന സ്തെഫാനൊസിനെ കല്ലെറിയുവാൻ അനുവാദം കൊടുത്തവനായിരുന്നു അവൻ (പ്രവൃ. 7:58; 8:1, 2). മറ്റു യെഹൂദ നായകന്മാരേക്കാൾ അവന്റെ എരിവ് സഭയെ ഉപദ്രവിക്കുന്നതിൽ പ്രകടമായിരുന്നു.

കൂടുതൽ ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ അവൻ വിദേശ പട്ടണങ്ങളിലേക്ക് യാത്ര ചെയ്തിരുന്നത് അതിലുള്ള അവന്റെ സമർപ്പണം വ്യക്തമാക്കിയിരുന്നു (പ്രവൃ. 9:1, 2; 22:5; 26:11). അവന്റെ മനസാക്ഷി അവനെ കുറ്റപ്പെടുത്തിയിരുന്നില്ല (പ്രവൃ. 23:1; 24:16; റോമ. 9:1; 2 കൊ. 1:12; 2 തിമൊ. 1:3), കാരണം താൻ ചെയ്യുന്നത് ശരിയാണെന്നാണ് അവൻ വിചാരിച്ചത് (പ്രവൃ. 26:9). മറ്റു ദേവന്മാരെ നമസ്കരിക്കുന്ന യെഹൂദന്മാരെ കല്ലെറിഞ്ഞു കൊല്ലേണം എന്ന് ന്യായപ്രമാണം പറയുന്നതുകൊണ്ടായിരിക്കാം ഒരുപക്ഷെ അവൻ യേശുവിനെ നമസ്കരിക്കുന്ന ക്രിസ്ത്യാനികളെ കല്ലെറിഞ്ഞു കൊല്ലിക്കുവാൻ ഇടയായത് (ആവ. 17:1-5). യേശു അവനു പ്രത്യക്ഷനാകുന്നതുവരെ, യേശു ദൈവമാണെന്നും അവൻ നമസ്കരിക്കുവാൻ യോഗ്യനാണെന്നും വിശ്വസിച്ചിരുന്നില്ല.

എഴുപതു പേരുള്ള മഹനീയമായ യെഹൂദ ന്യായാധിപസഭയിലെ ഒരംഗം ആയിരുന്നു പൗലൊസ് എന്ന് ചിലർ കുതുന്നു. ആ തീർപ്പിനുള്ള മുഖ്യകാ

രണം എന്തെന്നാൽ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിനെ കുറിച്ചുള്ള പൗലൊസിന്റെ പ്രസ്താവനയാണ്: "അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു" (പ്രവൃ. 26:10). അവൻ ന്യായാധിപസഭയിലെ അംഗമായിരുന്നു എന്ന വാദഗതിക്ക് വില നൽകുന്നതാണ് ആ പ്രസ്താവന എന്നു പറയപ്പെടുന്നു; എങ്ങനെയായാലും, അത് അങ്ങനെ തീർപ്പാക്കാവുന്നതല്ല.

ന്യായാധിപസഭയിലെ അംഗങ്ങളായിരുന്നവർ ധനികരും പ്രതാപമുള്ളവരും, യെരുശലേമിലെ പ്രമാണിമാരും ആയിരുന്നു. പൗലൊസിനെ ഒരു "ബാല്യക്കാരൻ" (*നീനിയാസ്*) എന്നാണ് പ്രവൃത്തികൾ 7:58 ൽ പറഞ്ഞിരിക്കുന്നത്. യൂത്തിക്കൊസിനെ യൗവനക്കാരൻ എന്നാണ് വിളിച്ചിരുന്നത് (പ്രവൃ. 20:9), അവൻ പൗലൊസിന്റെ പെങ്ങളുടെ മകനായിരുന്നു (പ്രവൃ. 23:17, 18, 22). യെഹൂദന്മാരുടെ മദ്ധ്യേ അവൻ ഒരു അ-ക്രൈസ്തവനായി നിൽക്കുമ്പോഴൊന്നും താൻ ന്യായാധിപസഭയിലെ അംഗമാണെന്ന് പറഞ്ഞിട്ടില്ല (പ്രവൃ. 22:3–5; 26:4, 5; ഗലാ. 1:13, 14; ഫിലി. 3:4–6). അവൻ നൽകിയ എല്ലാ വിവരണങ്ങളോടൊപ്പം അവന് ഇതും നൽകുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, അത് യെഹൂദമതത്തോടും യെഹൂദസമൂഹത്തോടും അവന്റെ സമർപ്പണത്തിന്റെ ആഴം വർദ്ധിപ്പിക്കുമായിരുന്നു

# ഏതു തരം ക്രൂശിന്മേലായിരുന്നു യേശു മരിച്ചത്?


ക്രൂശിന്റെ ഭൗതിക ആകൃതിയേക്കാൾ യേശുവിന്റെ മരണത്തിനാണ് അധികം പ്രാധാന്യം ഉള്ളത്. എങ്ങനെയായാലും, യഹോവാ സാക്ഷികൾ കരുതുന്നത് ക്രൂശിന്റെ ആകൃതി മനസിലാക്കുന്നത് പ്രാധാന്യമുള്ള കാര്യമാണെന്നാണ്. അവർ പഠിപ്പിക്കുന്നത് അത് ഒരു കുരിശിന്റെ ആകൃതിയിലുള്ളതായിരുന്നില്ല, വെറും ഒറ്റത്തടിയായിരുന്നു എന്നാണ്. അവരുടെ സാഹിത്യങ്ങളിലെല്ലാം താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ കാണാം:

> തെളിവുകൾ നൽകുന്ന സൂചന, യേശുവിനെ പാരമ്പര്യമായ കുരിശിലായിരുന്നില്ല, മറിച്ച് ക്രൂശിച്ചത് നേരെയുള്ള കുറ്റിയിന്മേലായിരുന്നു.[1]

> ദണ്ഡിപ്പിക്കുന്ന കുറ്റി, ഒരു പണിയായുധം പോലെയുള്ള ഉപകരണത്തിന്മേലാണ് യേശുവിന്റെ മരണം സംഭവിച്ചത് ... ക്ലാസിക്കൽ ഗ്രീക്കിൽ ആ വാക്ക് (*സ്റ്റൗറോസ്*) പറയുന്നത് "ദണ്ഡന ദണ്ഡ്" എന്നാണ്, *ന്യൂ വേൾഡ്ട്രാൻസ്ലേഷൻ* പറയുന്നത് നേരെയുള്ള കുറ്റി അല്ലെങ്കിൽ വടി എന്നാണ്, എഴുതപ്പെട്ട ക്രിസ്തീയ ഗ്രീക്ക് എഴുത്തുകളിലൊന്നും ആ കുറ്റിക്ക് കുരിശ് ബീം ഉണ്ടായിരുന്നതായി പറയുന്നില്ല.[2]

കുരിശിന്റെ ആകൃതിക്കു സാധ്യതയുള്ളത് ഏറ്റവും പാരമ്പര്യമായി ഉപയോഗിച്ചതിനാണ്, അത് ലാറ്റിൻ കുരിശാണ്, *ക്രൂസ് ഇമ്മിസാ*-ഒരു ഉയരമുള്ളതും, നേരെയുള്ളതും, മുകളിൽ കുരിശിന്റെ ആകൃതിയിലുള്ളതുമാണ്: †. ക്രൂസ് കോമിസാ മുകളിൽ കുരിശാകൃതിയിലുള്ള കുറ്റിയാണ്, അതിന് ഗ്രീക്കിൽ ടൗ പോലെയിരിക്കും: T. ക്രൂസ് ഡെസ്കുസാറ്റാ, അല്ലെങ്കിൽ സെന്റ്. ആൻഡ്രൂസ് ക്രോസ്, X എന്ന അക്ഷരം പോലെയാണ്. ഗ്രീക്ക് കുരിശിന് കുത്തനെയും നേരെയും ഒരേ നീളത്തിലുള്ള തടിയായിരിക്കും, അത് പരസ്പരം നടുവിൽ വിഛേദിക്കുന്നതുമായിരിക്കും: +.

യേശു മരിച്ചത് പാരമ്പര്യമായി ഉപയോഗിച്ച കുരിശിന്മേലായിരുന്നു എന്നതിനാണ് നല്ല തെളിവുള്ളത്. ഏറ്റവും പുരാതനമായ ലൂക്കൊസിന്റെ സുവിശേഷ കൈയ്യെഴുത്തുപ്രതിയിൽ "ക്രോസ്" (*സ്റ്റൗറോൺ*) എന്ന് എഴുതിയിരിക്കുന്നത് ഗ്രീക്ക് അക്ഷരങ്ങളായ "ടി" എന്നും "ആർ" (രോ), എന്നും യോജിപ്പിച്ച് ഒരു മനഷ്യൻ പാരമ്പര്യ ക്രൂശിൽ കിടക്കുന്നതായി കാണുന്നു: ⳨. ക്രൂശിനു വേണ്ടിയുള്ള ഈ അസാധാരണ വാക്ക് ബെക്ക് ട്രാൻസിലേഷനിൽ പകർത്തിയിരിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന വിശദീകരണങ്ങളും കാണാം:

> : പാപിറസ് 75-ൽ "കുരിശ്" എന്നതിനുള്ള വാക്ക് ഇതാണ്, അതായത് ഏറ്റവും പുരാതനമായ ലൂക്കൊസിന്റെ കയ്യെഴുത്തുപ്രതി. ഈ പ്രത്യേക രൂപത്തിൽ അത് ലൂക്കൊ. 9:23 ലും; 14:27 ലും; 24:7 ലും കാണാം. ആ ഗ്രീക്ക് വാക്ക് നിങ്ങൾ ഉച്ചരിക്കുകയാണെങ്കിൽ, അത് *സ്റ്റൗ*


*റോൺ* എന്നാണ്. എന്നാൽ ഔ എന്ന വാക്ക് ഒഴിവായിരിക്കുന്നു, അത് വാക്കിന്റെ മുകളിൽ ഒരു വരകൊണ്ട് സൂചിപ്പിച്ചിരിക്കുന്നു. പിന്നെ *ആർ* എന്നത്, ഗ്രീക്കിൽ ഏപി എന്ന രൂപത്തിലാണ്, അത് ഉയർത്തി *ടി* ൽഅടിച്ച് ചെലുത്തുന്നതുപോലെയായതിനാൽ, ശരീരം കുരിശിൽ കിടത്തുവാൻ കഴിയുന്നു.[3]

നല്ല തെളിവിന്റെ അടിസ്ഥാനത്തിലാണ് പാശ്ചാത്യലോകം കുരിശിനെ പാരമ്പര്യമായി സ്വീകരിച്ചിരിക്കുന്നത്. അത് ഒരു കുറ്റിയായി കണക്കാക്കുവാൻ യാതൊരു തെളിവുമില്ല.

---

കുറിപ്പുകൾ

[1]വാച്ച് ടവ്വർ ബൈബിൾ ആന്റ് ട്രാക്റ്റ് സ്വസൈറ്റി ഓഫ് പെൻസിൽവാനിയ, *റീസണിങ് ഫ്രം ദ സ്ക്രിപ്ച്ചേഴ്സ്* (ബ്രൂക്ലിൻ, എൻ. വൈ.: വാച്ച് ടവ്വർ ബൈബിൾ ആന്റ് ട്രാക്റ്റ് സ്വസൈറ്റി ഓഫ് ന്യൂ യോർക്ക്, 1985), 90. [2]വാച്ച് ടവ്വർ ബൈബിൾ ആന്റ് ട്രാക്റ്റ് സ്വസൈറ്റി ഓഫ് പെൻസിൽവാനിയ, *എയിഡ് ടു ബൈബിൾ അണ്ടർസ്റ്റാന്റിങ്* (ബ്രൂക്ലിൻ, എൻ. വൈ. 'വാച്ച് ടവ്വർ ബൈബിൾ ആന്റ് ട്രാക്റ്റ് സ്വസൈറ്റി ഓഫ് ന്യൂ യോർക്ക്, 1971), 1608. [3]വില്യം എഫ്. ബെക്ക്, ദ ന്യൂ ടെസ്റ്റമെന്റ് ഇൻ ദ ലാംഗ്വേജ് ഓഫ് ടുഡെ (സെന്റ്. ലൂയിസ്.: കൺകോർഡിയ പബ്ലിഷിങ് ഹൗസ്, 1964), v.




പൗലോസിൻെറ കാലത്തെ റോമാ സാമ്രാജ്യം